# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### 1.ബിരുദദാന ചടങ്ങ്: ഡിസംബർ 9, സെന്റ് മേരീസ് ചർച്ച് ദുബായ്

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ഈ വർഷം ബിരുദ ബിരുദാനന്തര കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരുടെ ബിരുദദാന ചടങ്ങ് ഡിസം. 9 ന് ദുബായ് സെന്റ് മേരീസ് ചർച്ചിൽവച്ച് നടത്തപ്പെടുന്നു. വിജയകരമായി പൂർത്തീകരിക്കപ്പെടുന്ന രണ്ടാം ബാച്ചിൽ 21 ബി.റ്റി.എച്ച്. വിദ്യാർത്ഥികളും, 15 എം.റ്റി.എച്ച്. വിദ്യാർത്ഥികളുമുണ്ട്. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചാൻസലറായ മാർ ജോർജ് ഞറളക്കാട്ട് പിതാവും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായ മാർ ജോസഫ് പാംപ്ലാനി പിതാവും ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്നു. എല്ലാ വിദ്യാർത്ഥികൾക്കും അനുമോദനം നേരുന്നു.

### 2. ദൈവശാസ്ത്ര ഗവേഷണം

ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയ വിദ്യാർത്ഥികൾക്കായി ദൈവശാസ്ത്ര ഗവേഷണത്തെക്കുറിച്ചും ഉപരിപഠനത്തെക്കുറിച്ചും ഏകദിനശില്പശാല സംഘടിപ്പിച്ചു. നവം. 22-ാം തീയതി തലശ്ശേരി ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടന്ന ശില്പശാലയിൽ 12 വിദ്യാർത്ഥികൾ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ക്ലാസ്സുകൾ നയിച്ചു.

### 3.. ദൈവശാസ്ത്രകോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം

| തീയതി | സ്ഥലം | വിഷയം |
|---|---|---|
| 9.12.2017 | ആലുവ എഫ്.സി.സി. | മത്തായിയുടെ സുവിശേഷം<br>സഭാപിതാക്കന്മാരുടെ സുവിശേഷം |
| 9.12.2017 | തൃശ്ശൂർ എഫ്.സി.സി. | പരിശുദ്ധത്രിത്വം<br>യോഹന്നാന്റെ സുവിശേഷം<br>നരവംശ ദൈവശാസ്ത്രം |
| 10.12.2017 | കൊല്ലം | പൗലോശ്ലീഹായുടെ ലേഖനങ്ങൾ<br>ക്രിസ്തുവിജ്ഞാനീയം<br>രാഷ്ട്രീയ ദൈവശാസ്ത്രം |
| 10.12.2017 | ചാലക്കുടി എഫ്.സി.സി | ആദ്ധ്യാത്മിക ദൈവശാസ്ത്രം<br>വെളിപാട് പുസ്തകം<br>ജീവന്റെ ധാർമ്മികത |

| | | |
|---|---|---|
| 11.12.2017 | പാലക്കാട് | പരിശുദ്ധത്രിത്വം<br>യോഹന്നാന്റെ സുവിശേഷം<br>ഗ്രീക്ക്<br>നരവംശ ദൈവശാസ്ത്രം |
| 16.12.2017 | ഇരിങ്ങാലക്കുട<br>സി.എച്ച്.എഫ് | മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം<br>ഗ്രീക്ക്<br>യോഹന്നാന്റെ സുവിശേഷം |
| 17.12.2017 | അങ്കമാലി | മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം<br>ഗ്രീക്ക്<br>യോഹന്നാന്റെ സുവിശേഷം |
| 17.12.2017 | ആലുവ എസ്.ഡി | മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം |

## 4. മതാദ്ധ്യാപകരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

തലശ്ശേരി അതിരൂപതയുടെ മതാദ്ധ്യാപകർക്കായുള്ള ല്യൂമെൻ എക്ലേസിയ ദൈവശാസ്ത്ര പഠനപരിപാടി നന്നായി പോകുന്നു. എങ്കിലും 2014 ൽ ആരംഭിച്ച് ഫീസും അടച്ച് കുറച്ച് ക്ലാസ്സുകളിൽ മാത്രം പങ്കെടുത്ത് പരീക്ഷ എഴുതാതിരിക്കുന്ന ഒട്ടനവധി മതാദ്ധ്യാപകർ ഉള്ളതായി കാണുന്നു. ഇടക്ക് വച്ച് നിർത്തിപ്പോയ മതാദ്ധ്യാപകരെ പ്രത്യേകമായി പ്രോത്സാഹിപ്പിച്ച് പറഞ്ഞ് വിടാൻ വികാരിയച്ചനും LE ക്ലാസ്സിൽ പങ്കെടുക്കുന്ന മറ്റ് അദ്ധ്യാപകരും ശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു. എഴുതാത്ത പരീക്ഷകൾ അതാത് സെന്ററുകളിൽവച്ച് നടത്തുവാനുള്ള ക്രമീകരണം ചെയ്യുന്നതായിരിക്കും. ക്ലാസ്സുകൾ നഷ്ടപ്പെട്ടെന്ന് കരുതി വരാതിരിക്കേണ്ട ആവശ്യമില്ല. ഇനി മുതലുള്ള ക്ലാസ്സുകളിൽ പങ്കെടുത്താൽ മതിയാകും. 2017 – 18 രണ്ടാം സെമസ്റ്ററിന്റെ ആദ്യക്ലാസ്സുകൾ ഡിസംബർ 10 നും 17 നും ഫൊറോന കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. ഇനിയും ദൈവശാസ്ത്രക്ലാസ്സുകളിൽ ചേരാതിരിക്കുന്ന മതാദ്ധ്യാപകരും ഈ അവസരം വിനിയോഗിക്കണമെന്ന് അപേക്ഷിക്കുന്നു. മതാദ്ധ്യാപകരായ BTh വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസായ 4000 രൂപയിൽനിന്ന് 2500 രൂപയും MTh വിദ്യാർത്ഥികൾക്ക് 3000 രൂപയുമാക്കി ഇളവ് നല്കിയിട്ടുണ്ട്.

## 5. ദൈവശാസ്ത്ര ക്ലാസ്സുകൾ Youtube - ൽ

അനേകം വർഷങ്ങളായി ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്തുകൊണ്ടിരുന്ന ആൽഫാ ദൈവശാസ്ത്ര വിഷയങ്ങൾ ഇപ്പോൾ പൂർണ്ണമായും Youtube-ൽ ലഭ്യമാണ്. Youtube - ൽ ആൽഫാ തിയോളജിയാ



എന്ന് കൊടുത്താൽ 500ൽ പരം ക്ലാസ്സുകൾ ലഭിക്കും. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് alphathalassery - വെബ്സൈറ്റിലും ഈ ക്ലാസ്സുകൾ കാണാവുന്നതാണ്. 25 മിനിറ്റുകൾ വീതമുള്ള ക്ലാസ്സുകൾ ഓരോ വിഷയവും തിരിച്ച് നല്കിയിരിക്കുന്നു.

## 6. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ലോകത്തിന്റെ ഏതു ഭാഗത്തുള്ള പഠിതാക്കൾക്കും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കൈപ്പ് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ച ശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തുതരുന്നതാണ്. അതാത് മാസത്തെ ക്ലാസ്സുകളുടെ സമയക്രമം, വിഷയം എന്നിവ ആൽഫായുടെ വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.